"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - അമീബിക് മസ്തിഷ്കജ്വരം ഉൾപ്പെടെയുള്ള ജലജന്യരോഗങ്ങളെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2111/2025/LSGD തീയതി,തിരുവനന്തപുരം, 26-08-2025

---

പരാമർശം:- 1. നവകേരളം കർമപദ്ധതി കോ -ഓർഡിനേറ്റർ സമർപ്പിച്ച 20.08.2025 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

അമീബിക് മസ്തിഷ്കജ്വരം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി 2025 ആഗസ്റ്റ് 30, 31 തീയതികളിൽ ക്രമീകരിച്ചിരിക്കുന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കിണറുകളും ജലാശയങ്ങളും ക്ലോറിനേഷൻ നടത്തുന്നതിന് ആരോഗ്യസ്ഥാപനങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളിക എന്നിവ ലഭ്യമല്ലായെങ്കിൽ ആയത് വാങ്ങുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി ₹25000/-(ഇരുപത്തയ്യായിരം രൂപ മാത്രം) മുനിസിപ്പാലിറ്റികൾക്ക് പരമാവധി ₹50000/- (അൻപതിനായിരം രൂപ മാത്രം) കോർപ്പറേഷനുകൾക്ക് പരമാവധി ₹100000/- (ഒരുലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 26-08-2025 14:27:37

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.